"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിട്ടിക്ക് ട്രഷറി അക്കൗണ്ടിൽ നിന്നും RESUMPTION ചെയ്ത തുക ഉൾപ്പടെ 2026-27 ലെ ഗ്രാന്റ്-ഇൻ-എയ്ഡ് (സാലറി) ഇനത്തിൽ 1,00,00,000/- (ഒരു കോടി രൂപ) വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഇ.ആർ.ബി) വകുപ്പ്**

G.O.(Rt)No.905/2026/LSGD തീയതി,തിരുവനന്തപുരം, 22-04-2026

പരാമർശം:-
1. സ.ഉ (സാധാ) നം.318/2026/തസ്വഭവ തിയതി.6/02/2026
2. 01.04.2026-ലെ 17/2026/FIN നമ്പർ സർക്കുലർ
3. സാക്ഷരത മിഷൻ ഡയറക്ടറുടെ 10.04.2026-ലെ എ3-1773/2026/കേ.സം.സാ.മി.അ നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ജീവനക്കാരുടെ 2026 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ശമ്പളം നൽകുന്നതിന് സാക്ഷരതാമിഷന്റെ PSTSB:799012700000554 ട്രഷറി അക്കൗണ്ടിൽ 31.03.2026-ൽ സാലറി ഇനത്തിൽ ഉണ്ടായിരുന്ന 31,51,879/- രൂപ State Consolidated Fund-ൽ ട്രഷറിയിൽ നിന്നും ട്രാൻസ്ഫർ ചെയ്തിരുന്നു എന്നും, കൂടാതെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ സാക്ഷരതാമിഷന്റെ ഹെഡ് ഓഫ് അക്കൗണ്ടുകളായ 2515-00-102-21-31 ഗ്രാന്റ്-ഇൻ-എയ്ഡ് (ജനറൽ) സാലറി ഹെഡിൽ 570 ലക്ഷം രൂപയും 2515-00-102-21-36 ഗ്രാന്റ് -ഇൻ-എയ്ഡ് (ജനറൽ) നോൺ സാലറി ഹെഡിൽ 1450 ലക്ഷം രൂപയും ചേർത്ത് ആകെ 2020 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും, സാക്ഷരത മിഷൻ ജീവനക്കാരുടെ ശമ്പള ഇനത്തിൽ ഒരു മാസം 45 ലക്ഷം രൂപ ആവശ്യമുണ്ടെന്നും ടി ഓഫീസിലെ ജീവനക്കാരുടെ 2026 മാർച്ച് മാസത്തെ ശമ്പളം ഫണ്ടിന്റെ അഭാവത്തിൽ നാളിതുവരെ നൽകാൻ കഴിഞ്ഞിട്ടില്ലെന്നും,ആയതിനാൽ 2026 മാർച്ച്, എപ്രിൽ മാസങ്ങളിലെ ശമ്പളം നൽകുന്നതിന് ട്രഷറി അക്കൗണ്ടിൽ നിന്ന് RESUMPTION ചെയ്ത 31,51,879/- രൂപ ഉൾപ്പെടെ ആകെ 1,00,00,000/- രൂപ അനുവദിച്ച് നൽകണമെന്നും പരാമർശം (3) പ്രകാരം സാക്ഷരത മിഷൻ അതോറിട്ടി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.മാതൃകാ പെരുമാറ്റച്ചട്ടം -2026 നിലനിൽക്കുന്ന സാഹചര്യത്തിൽ 2026-27 സാമ്പത്തികവർഷത്തിൽ കേരള സംസ്ഥാനസാക്ഷരതാമിഷൻ അതോറിട്ടിയ്ക്കു വകയിരുത്തിയിട്ടുള്ള മുഴുവൻ ബഡ്ജറ്റ് വിഹിതത്തിനും അടുത്ത വർക്കിങ് ഗ്രൂപ്പിൽ വച്ച് ഭരണാനുമതി നേടുന്നതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി,സാക്ഷരത മിഷൻ അതോറിറ്റിയുടെ ട്രഷറി അക്കൗണ്ടിൽ നിന്ന് RESUMPTION

ചെയ്ത 31,51,879/-രൂപയും (മുപ്പത്തൊന്ന് ലക്ഷത്തി അൻപത്തിയൊന്നായിരത്തി എണ്ണൂറ്റി എഴുപത്തിയൊമ്പത് രൂപ മാത്രം) 2026-27 വർഷത്തെ ഗ്രാന്റ് -ഇൻ-എയ്ഡ് ഇനത്തിലുള്ള തുകയും ഉൾപ്പെടെ ആകെ 1,00,00,000/- രൂപ (ഒരു കോടി രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RASHEEDA S
JOINT SECRETARY

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2) ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി, അക്ഷരം, പേട്ട, തിരുവനന്തപുരം
3) അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
4) ധനകാര്യ (വികസന) വകുപ്പ് (3480652/DEV-2/89/2026-FIN തീയതി 18/04/2026 പ്രകാരം)
5) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 22-04-2026 11:53:40
സെക്ഷൻ ഓഫീസർ